## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3919** — **31-01-2014 ലെ മറുപടിയ്ക്ക്**

## ലോട്ടറി സമ്മാനം ലഭിച്ചവർക്ക് തുക ലഭിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. സി. കൃഷ്ണൻ :** | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| എ) കേരള സംസ്ഥാന ഭാഗ്യക്കുറിയിൽ ഒന്നാം സമ്മാനം ലഭിക്കുന്നവർക്ക്, ആവശ്യമായ രേഖകൾ സഹിതം ടിക്കറ്റ് ഹാജരാക്കിയാൽ എത്ര ദിവസത്തിനുള്ളിൽ സമ്മാനത്തുക നൽകാറുണ്ടെന്ന് വിശദമാക്കാമോ ; | എ) കേരള സംസ്ഥാന ഭാഗ്യക്കുറി ഒന്നാം സമ്മാനം ലഭിക്കുന്നവർ ആവശ്യമായ രേഖകൾ സഹിതം ഓഫീസിൽ ടിക്കറ്റ് ഹാജരാക്കിയാൽ 30 ദിവസത്തിനുള്ളിൽ സമ്മാനത്തുക നൽകിവരുന്നു. |
| ബി) 28.07.2013 ന് നറുക്കെടുത്ത ആർ.എൻ.93 പൗർണമി ലോട്ടറിയിൽ ഒന്നാം സമ്മാനം ലഭിച്ചയാളുടെ ടിക്കറ്റ് ആവശ്യമായ രേഖകൾ സഹിതം ഡയറക്ടറേറ്റിൽ ലഭിച്ച തീയതിയും സമ്മാനത്തുക നൽകിയ തീയതിയും ലഭ്യമാക്കാമോ ; | ബി) 28.07.2013-ന് നറുക്കെടുത്ത പൗർണ്ണമി 93 ലോട്ടറിയുടെ ഒന്നാം സമ്മാനം ലഭിച്ച ടിക്കറ്റ് സമ്മാന വിതരണത്തിനാവശ്യമായ എല്ലാ രേഖകളും സഹിതം 29.11.2013 ലാണ് ഡയറക്ടറേറ്റിൽ ഹാജരാക്കിയത്. പ്രസ്തുത ടിക്കറ്റിന്റെ സമ്മാനത്തുക ഡ്രാഫ്റ്റായി 31.12.2013-ന് ബാങ്കിലയച്ചു. |
| സി) പ്രസ്തുത ലോട്ടറിയിൽ രേഖകൾ ലഭിക്കാത്തതുമായി ബന്ധപ്പെട്ട് ബാങ്കുമായോ, സമ്മാനാർഹനുമായോ എന്തെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ കോപ്പി സഹിതം ലഭ്യമാക്കാമോ; | സി) കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത ലോട്ടറിയുടെ സമ്മാന വിതരണത്തിനാവശ്യമായ രേഖകൾ ലഭിക്കാത്തതിനാൽ ആയത് ഹാജരാക്കാൻ സമ്മാനാർഹനും ബാങ്കുകൾക്കും കത്തയയ്ക്കുകയും, ബാങ്കുകൾക്ക് ഓർമ്മക്കുറിപ്പ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | **ലോട്ടറി സമ്മാനം ലഭിച്ചവർക്ക് തുക ലഭിക്കാൻ കാലതാമസം വന്നാൽ ഉത്തരവാദികളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുവാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?** | ഡി) | ആവശ്യമായ രേഖകൾ സഹിതം ഹാജരാക്കുന്ന സമ്മാന ടിക്കറ്റുകളുടെ Barcode, Secret code എന്നിവ പരിശോധിച്ച് ടിക്കറ്റിന്റെ കൃത്യത ഉറപ്പ് വരുത്തി ആവശ്യമായ ഓഫീസ് നടപടിക്രമങ്ങൾക്ക് ശേഷം വകുപ്പ് കാലതാമസം കൂടാതെ സമ്മാനത്തുക നൽകുന്നുണ്ട്. നഷ്ടപരിഹാരം ഈടാക്കുവാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

ഭരണഭാഷ മാതൃഭാഷ

നം. പി.എ.3/10377/08/2013/ഡി.എസ്.എൽ.

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.
തീയതി : 0 /09/2013.

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ.

Sri.Prakash,
S/o.Raghavan,
Mundayathu House,
Kanniery.P.O,
Vellur, Kannur - 670 307.

സർ,

വിഷയം : - കേരള സംസ്ഥാന ഭാഗ്യക്കുറി - സമ്മാന വിഭാഗം - രേഖകൾ ആവശ്യപ്പെടുന്നത് - സംബന്ധിച്ച്.

സൂചന - 20.08.2013 ൽ ഹാജരാക്കിയ പൗർണമി ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനാർഹമായ ടിക്കറ്റ് രേഖകൾ.

സൂചന കണ്ടാലും. പൗർണമി 93 ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനാർഹമായ RE 105919 നമ്പർ ടിക്കറ്റ് താങ്കൾ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് വഴി ഈ ഓഫീസിൽ ഹാജരാക്കിയ ടിക്കറ്റിന്റെ പുറകിൽ മേൽവിലാസം രേഖപ്പെടുത്തിയിട്ടില്ല. ഈ ഓഫീസിൽ ടിക്കറ്റ് ഹാജരാക്കിയ ബാങ്കിനെ 21/08/2013, 26/08/2013, 30/08/2013 ടെലിഫോൺ സന്ദേശത്തിലൂടെ അറിയിച്ചിരുന്നുവെങ്കിലും നാളിതുവരെ ആരും തന്നെ ഹാജരായിട്ടില്ല. ഈ സാഹചര്യത്തിൽ താങ്കൾ നേരിട്ട് ഹാജരായി മേൽവിലാസം രേഖപ്പെടുത്തുകയും, താഴെപ്പറയുന്ന രേഖകൾ നൽകുകയും ചെയ്യേണ്ടതാണെന്ന് അറിയിക്കുന്നു.

1. സ്റ്റാമ്പ് രസീത്
2. PAN കാർഡിന്റെ പകർപ്പ്.
3. 2 ഫോട്ടോ, ഗസറ്റഡ് ഓഫീസർ പേരും ഓഫീസ് സീലും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിരിക്കണം
4. റിസീവിംഗ് ബാങ്ക് സർട്ടിഫിക്കറ്റ്.

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ,
(സമ്മാന വിഭാഗം)

പകർപ്പ് :
1) The Senior Manager,
The Kerala State Co-operative Bank, Head Office Branch,
Palayam, Thiruvananthapuram.
2) The Manager,
Kannur Dist.Co-operative Bank Ltd.,
Main Brnach, Payyannur.
3) The Vellore Service Co-operative Bank Ltd. No-3971, Alinkeezhil Evg. Branch

DESPATCHED 24/9/2013

No: PA3/10377/08/2013

Directorate of State Lotteries
Vikas Bhavan,TVM
Dated – 11-11-2013

REMINDER

From

Director of State Lotteries
Thiruvananthapuram

To

THE SENIOR MANAGER
KANNUR DIST CO-OPERATIVE BANK LTD
MAIN BRANCH PAYYANNUR

Sir,

Sub:-Kerala State Lotteries- Prize- 1st, Lottery No POURNAMI/93,TicketNo RE105919

Ref:- This office Letter

The above ticket with the documents received from you are incomplete.Please obtain and forwarrd the following

i). Receiving Bank Certificate from Kannur Dist Co-operative Bank Ltd. (Form Enclosed)

Yours faithfully

For Director Of State Lotteries

Copy To:

1. R.PRAKASH
S/O RAGHAVAN
MUNDYATTU HOUSE KANNIERY. P.O
VELLUR KANNUR PIN 670307

2. THE SENIOR MANAGER
THE KERALA STATE CO-OPERATIVE BANK LTD
HEAD OFFICE BRANCH,
PALAYAM,THIRUVANANTHAPURAM.

3. THE VELLLLOOR SERVICE CO-OPERATIVE BANK LTD
ALINKEEZHIL EVG. BRANCH.
VELLUR.P.O PAYYANNUR.

DESPATCHED

15/11/13